പതിമൂന്നാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

| | |
|---|---|
| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2578 | 14.12.2015- ൽ മറുപടി നല്കേണ്ടത്. |

**ഹോട്ടലുകളിലും തട്ടുകടകളിലും തിളപ്പിക്കാത്ത പാൽ ഉപയോഗിക്കുന്നതിനെതിരെ നടപടി.**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.കോലിയക്കോട് എൻ. കൃഷ്ണൻ നായർ** | | ശ്രീ. വി. എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) | മിക്കവാറും എല്ലാ ഹോട്ടലുകളിലും തട്ടുകടകളിലും ചായയ്ക്കും കാപ്പിക്കും ഉപയോഗിക്കുന്ന പാൽ ആവശ്യത്തിന് തിളപ്പിക്കാത്തതു കാരണം പല ജന്തുജന്യരോഗങ്ങളും മനുഷ്യരിലേക്ക് കൂടി വ്യാപിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| ബി) | തിളപ്പിക്കാത്ത പാലും മലിനജലവും ഉപയോഗിക്കുന്നതുമൂലം മനുഷ്യരിലേക്ക് പകരുന്ന രോഗങ്ങൾ ഏതെല്ലാമാണെന്ന് അറിയിക്കുമോ; | ബി) | ബ്രൂസെല്ലോസിസ്, ക്യൂഫീവർ, മൈക്കോ ബാക്ടീരിയം മൂലമുള്ള രോഗങ്ങൾ എന്നിവ തിളപ്പിക്കാത്ത പാൽ ഉപയോഗിച്ചാൽ ഉണ്ടാകാൻ സാദ്ധ്യതയുണ്ട്. വൈറൽ ഹെപ്പറ്റൈറ്റിസ്, ടൈഫോയ്ഡ്, പാരസൈറ്റിക് ഇൻഫ്ളുവൻസ, ഡയേറിയൽ ഡിസോർഡേഴ്സ്, ഡിസെൻട്രി, കോളറ തുടങ്ങിയ രോഗങ്ങൾ മലിനജലം ഉപയോഗിച്ചാൽ ഉണ്ടാകുന്നവയാണ്. |
| സി) | ഇത്തരത്തിൽ തിളപ്പിക്കാത്ത പാലുപയോഗിച്ച് ഹോട്ടലുകളിലും തട്ടുകടകളിലും ചായ നല്കുന്നത് പരിശോധിച്ച് ഇവർക്കെതിരെ നടപടി സ്വീകരിക്കുന്നതിനും ബോധവൽക്കരണം നടത്തുന്നതിനും സർക്കാർ അടിയന്തര നടപടി സ്വീകരിക്കുമോ; വിശദാംശം വ്യക്തമാക്കുമോ? | സി) | നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഹോട്ടലുകളിലും തട്ടുകടകളിലും ജീവനക്കാരെ ബോധവത്കരിക്കുന്നതിനുവേണ്ടി സംസ്ഥാനമൊട്ടാകെ 3000 ക്ലാസ്സുകൾ നടത്തിയിട്ടുണ്ട്. പരിശോധന സമയങ്ങളിൽ തിളപ്പിക്കാത്ത പാൽ ശ്രദ്ധയിൽപ്പെട്ടാൽ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമപ്രകാരം നടപടി സ്വീകരിക്കാറുണ്ട്. |

സെക്ഷൻ ഓഫീസർ